## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2915** **25-06-2024 - ൽ മറുപടിയ്ക്ക്**

## വന്യജീവികൾ കാർഷിക വിളകൾ നശിപ്പിച്ച സംഭവങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവികൾ കൃഷിയിടങ്ങളിൽ കടന്നുകയറി കാർഷിക വിളകൾ നശിപ്പിച്ച സംഭവങ്ങൾ വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ജനവാസമേഖലകളിൽ വന്യജീവികളുടെ സാന്നിദ്ധ്യം പതിവില്ലപരിയായി കാണപ്പെടുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. ഇത് താഴെപറയുന്ന കാരണങ്ങൾ നിമിത്തമാണെന്നു വിലയിരുത്തുന്നു.<br><br>1. കാടിനു ചുറ്റുമുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറി, കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യവിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചു.<br>2. വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള ഏറ്റക്കുറച്ചിലുകൾ.<br>3. മനുഷ്യരും, വളർത്തു മൃഗങ്ങളും വന്യജീവി മേഖലക-ളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും അപകടങ്ങൾക്ക് ഇടയാക്കുന്നു.<br>4. ആവാസ മേഖലകൾ ചെറുതുരുത്തുകളായി മുറിഞ്ഞു പോകുന്നത് മൂലം വന്യമൃഗങ്ങളുടെ സ്വൈരവിഹാരം തടസ്സപ്പെടുന്നതിനും വന്യജീവികൾ ജനവാസ മേഖല-കളിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നു.<br>5. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും അധികരിച്ചുവരുന്നതുമൂലം വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.<br>6. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിനം സസ്യങ്ങൾ വനത്തിനുള്ളിലും പുൽമേട്ടകളിലും മറ്റും തോട്ടമായി മുൻകാലങ്ങളിൽ നട്ടു വളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.<br>7. ആധുനിക വാർത്താവിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ച അളവിൽ ഉപയോഗപ്പെട്ടു-ത്തുന്നത് മൂലം മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.<br><br>വനമേഖലയിലും വനത്തോട് ചേർന്നുള്ള പ്രദേശങ്ങ-ളിലും മാലിന്യം നിക്ഷേപിക്കുന്ന പ്രവണത പൊതുജന-ങ്ങളുടെ ഭാഗത്തുനിന്നും കാണുന്നു. പ്രസ്തുത മാലിന്യ-ങ്ങൾ ഭക്ഷിക്കാൻ വന്യമൃഗങ്ങൾ എത്തിച്ചേരുന്നതും |

| | | | |
|---|---|---|---|
| | | | ജനവാസ മേഖലകളിലെ അവയുടെ സാന്നിദ്ധ്യത്തിന് ഒരു കാരണമായി വിലയിരുത്തുന്നു. |
| (ബി) | വന്യജീവികൾ മൂലം കൃഷിയിടങ്ങളിൽ നാശനഷ്ടം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾക്ക് വേണ്ടി കർഷകർക്ക് എന്തെങ്കിലും സാമ്പത്തിക പിന്തുണ നൽകുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ? | (ബി) | കൃഷിയിടങ്ങളിൽ നാശനഷ്ടം ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾക്ക് കർഷകർക്ക് വനം വകുപ്പ് സാമ്പത്തിക പിന്തുണ നൽകുന്നില്ല.എന്നാൽ ജനവാസമേഖലകളിലും ,കൃഷിയിടങ്ങളിലും , വന്യമൃഗങ്ങൾ കയറുന്നത് ഒഴിവാക്കുന്നതിന് ഒട്ടനവധി പ്രവർത്തങ്ങൾ വനം വന്യജീവി വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ